# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26

സ്കൂളിന്റെ പേര് : എസ് കെ വി എ എൽ പി സ്കൂൾ, ഞാറക്കൽ

**ആമുഖം**

കുട്ടികളുടെ സമഗ്ര വിദ്യാഭ്യാസം മുൻനിർത്തി അവരുടെ ഭാഷ-സർഗാത്മക-വൈകാരിക മേഖലകൾ പരിഗണിച്ച് ആണ് ഈ വർഷത്തെ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്. ഓരോ കുട്ടിയും നേടേണ്ട ശേഷി വികാസങ്ങൾ കൈവരിച്ച് 'ആരും പിന്നിലല്ല' എന്നതാണ് ഈ വർഷം ലക്ഷ്യമിടുന്നത്. ഭാഷാപരമായ നൈപുണികൾ കൈവരിച്ച് അനായാസം ഭാഷ കൈകാര്യം ചെയ്യുന്നതിന് കുട്ടികളെ പ്രാപ്തരാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഓരോ ക്ലാസിലും നൽകുന്നു.

**പ്രവർത്തന ലക്ഷ്യങ്ങൾ**

* കുട്ടികൾക്ക് ഇംഗ്ലീഷ് ഭാഷ പഠനവുമായി ബന്ധപ്പെട്ട ശ്രവണശേഷി വികസിപ്പിക്കുന്നു.
* Speak English Shine English എന്ന പ്രവർത്തന പദ്ധതിയിലൂടെ ഇംഗ്ലീഷ് ഭാഷ അനായാസം കൈകാര്യം ചെയ്യുന്നതിനായി കുട്ടികളെ പ്രാപ്തരാക്കുന്നു.
* പദങ്ങൾ വാക്യങ്ങൾ എന്നിവ ഉച്ചാരണയോടെ വായിച്ച് അവതരിപ്പിക്കുന്നു.
* കുട്ടികളുടെ ഇംഗ്ലീഷ് ഭാഷ  പദസമ്പത്ത് വർദ്ധിപ്പിക്കുന്നു.
* പരസ്പരം ഇംഗ്ലീഷ് ഭാഷയിൽ സംസാരിക്കുന്നതിന് കഴിവുള്ളവരാക്കുന്നു.
* ഓരോ ക്ലാസിലും ഇംഗ്ലീഷ് ഭാഷ പഠനവുമായി ബന്ധപ്പെട്ട കുട്ടികളുടെ നേടേണ്ട ശേഷികൾ നേടി സ്വതന്ത്രമായി വ്യവഹാര രൂപങ്ങൾ തയ്യാറാക്കുന്നു.
* ഉച്ചാരണ ശുദ്ധിയോടെ ഭവാത്മകമായി ഇംഗ്ലീഷ് വായന കാർഡുകൾ അനായാസം വായിക്കുന്നതിന് കുട്ടികളെ പ്രാപ്തരാക്കുന്നു.
* സർഗാത്മകത പരിപോഷണം.

| | പ്രവർത്തനങ്ങൾ | ചുമതല | സമയം | സാമ്പത്തികം |
|---|---|---|---|---|
| 1 | കളികൾ, അഭിനയ ഗാനങ്ങൾ, ഹലോ ഇംഗ്ലീഷ് പ്രവർത്തനങ്ങൾ എന്നിവയിലൂടെ കുട്ടികളുടെ ശ്രവണശേഷി വികാസത്തിന് അവസരം ഒരുക്കുന്നു. | ക്ലാസ് ടീച്ചർ | ജൂൺ | |
| 2 | കുട്ടികളുടെ പദസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി ഓരോ ദിവസവും പദങ്ങൾ പരിചയപ്പെടുത്തുന്നു. അവയുടെ അർത്ഥം മാതൃഭാഷയിലൂടെയും സാന്ദർഭികമായും മനസ്സിലാക്കുന്നതിന് അവസരം ലഭിക്കുന്നു. | ക്ലാസ് ടീച്ചർ രക്ഷിതാവ് | ജൂൺ | |
| 3 | ചിത്ര വായന, ചിത്രവിവരണം, സ്വയം പരിചയപ്പെടുത്തൽ എന്നീ പ്രവർത്തനങ്ങളിലൂടെ കുട്ടികൾക്ക് ഇംഗ്ലീഷ് ഭാഷ സംസാരിക്കുന്നതിനുള്ള ശേഷി മെച്ചപ്പെടുത്തുന്നു. | എസ് ആർ ജി ക്ലാസ് ടീച്ചർ | ജൂലൈ | പിടിഎ |

| | | | | |
|---|---|---|---|---|
| | മെച്ചപ്പെട്ട ചിത്രമായ കുട്ടികൾ ഓരോരുത്തരായി പ്രഭാത അസംബ്ലിയിൽ പറഞ്ഞ് അവതരിപ്പിക്കുന്നു. | ക്ലാസ് ടീച്ചർ | ജൂലൈ ആഗസ്റ്റ് | |
| 4 | **പദക്കാർഡ് നിർമ്മാണം**<br>**ശില്പശാല**<br>രക്ഷിതാക്കളുടെ സഹകരണത്തോടെ അധ്യാപകരുടെ നേതൃത്വത്തിൽ കുട്ടികൾക്ക് അനുയോജ്യമായ പദക്കാർഡുകൾ നിർമ്മിക്കുന്നു | പിടിഎ<br>സി പി ടി എ | ആഗസ്റ്റ് | പിടിഎ. |
| 5 | **സർഗാത്മകത പരിപോഷണം**<br>ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാര രൂപങ്ങൾ ആക്കി അവതരിപ്പിക്കൽ (സ്കിറ്റ് ,സംഭാഷണം, ചിത്രവിവരണം ) | ക്ലാസ് ടീച്ചർ | വർഷം മുഴുവൻ (സെപ്തം ബർ) | എസ് .എം . സി |
| 6 | **വായന പരിപോഷണം** - കുട്ടികളുടെ നിലവാരത്തിന് അനുസരിച്ച പുസ്തകങ്ങൾ കുട്ടികൾക്ക് നൽകുന്നു<br><br>വായനാവേള ഒരുക്കൽ<br><br>വായനാക്കുറിപ്പ് (പുസ്തകപരിചയം) | ക്ലാസ് ടീച്ചർ | വർഷം മുഴുവൻ (ഒക്ടോബ ർ ) | എസ്. എം .സി |
| 7 | ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും സംസാരിക്കാനും എഴുതാനുമുള്ള ശേഷി മെച്ചപ്പെടുത്തൽ<br>ആഴ്ചയിൽ രണ്ടുദിവസം അസംബ്ലി ചേരൽ<br>(അസംബ്ലിയുടെ നിയന്ത്രണം കുട്ടികൾക്ക്) | ക്ലാസ് ടീച്ചർ<br>കുട്ടികൾ | വർഷം മുഴുവൻ (നവംബർ ) | |
| 8 | തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി - നിത്യവും വീട്ടിലും വിദ്യാലയത്തിലും നടത്തുന്ന പ്രവർത്തനങ്ങൾ ഇംഗ്ലീഷ് ഡയറിക്കുറിപ്പായി എഴുതുന്നു<br><br>***സർഗാത്മകത പരിപോഷണം**<br>ഇംഗ്ലീഷ് പാഠഭാഗങ്ങളെ നാടകം, കഥപറയൽ എന്നീ വ്യവഹാര രൂപങ്ങൾ ആക്കി അവതരിപ്പിക്കൽ. | ക്ലാസ് ടീച്ചർ<br><br>ക്ലാസ് ടീച്ചർ | വർഷം മുഴുവൻ (ആഴ്ചയിൽ രണ്ടുദിവസം) (ഡിസം ബർ)<br><br>മാസത്തിലൊന്ന് (ഡിസം ബർ) | <br><br>എസ്.എം. സി. |
| 9 | ഇംഗ്ലീഷ് ഭാഷയിലുള്ള രചനാമികവ്<br>സ്കൂളിലെ വിശേഷ ദിവസങ്ങളിലെ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് സുഹൃത്തുക്കളുമായി കത്തിടപാട്<br><br>*പോസ്റ്റ് ഓഫീസ് സന്ദർശനം പരിചയപ്പെടുത്തൽ | ക്ലാസ് ടീച്ചർ<br><br>ക്ലാസ് ടീച്ചർ<br>പി. ടി. എ | മാസത്തിൽ ഒന്ന് (ജനുവരി)<br><br>വർഷത്തിലൊന്ന് (ജനുവരി) | പി.ടി.എ<br><br>എസ്.എം. സി. |

| | | | | |
|---|---|---|---|---|
| | | | | |
| 10 | ഇംഗ്ലീഷ് നല്ലവണ്ണം പറയുവാനും എഴുതുവാനും കഴിയുന്ന നിലവാരത്തിലെത്തിക്കുന്നു (ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുന്നതിൽ ആത്മവിശ്വാസം ഉണ്ടാക്കൽ)<br>*വായനാമത്സരം<br>*രചനാ മത്സരം<br>*പഠനോത്സവം (ഇംഗ്ലീഷ് ഫെസ്റ്റ്) | എസ്.എം.സി. , പി .ടി .എ . | ഫെബ്രുവരി ,മാർച്ച് | എസ്. എം. സി. |